**<u>15 -ാം കേരള നിയമസഭ</u>**

**<u>14 -ാം സമ്മേളനം</u>**

**<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3343</u>** **<u>08-10-2025 - ൽ മറുപടിയ്ക്ക്</u>**

**<u>കൊല്ലം ജില്ലയിലെ ജൈവ വൈവിധ്യ വിനോദസഞ്ചാര സർക്യൂട്ട്</u>**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ പി എസ് സുപാൽ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | കൊല്ലം ജില്ലയിൽ പ്രഖ്യാപിച്ച ജൈവ വൈവിധ്യ വിനോദസഞ്ചാര സർക്യൂട്ട് പദ്ധതിയിലുൾപ്പെടുത്തി പുനലൂർ നിയോജക മണ്ഡലത്തിൽ ഒന്നും രണ്ടും ഘട്ടങ്ങളിലായി മലമേൽ ടൂറിസം, തെന്മല ഇക്കോടൂറിസം എന്നീ പദ്ധതിപ്രദേശങ്ങളിൽ എന്തൊക്കെ പ്രവർത്തനങ്ങളാണ് നടത്താൻ തീരുമാനിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ; | (എ) | കൊല്ലം ജില്ലയിൽ പ്രഖ്യാപിച്ച ജൈവ വൈവിധ്യ വിനോദസഞ്ചാര സർക്യൂട്ട് പദ്ധതിയുടെ ഭാഗമായി തെന്മല, മലമേൽ എന്നീ പ്രദേശങ്ങൾ ഉൾപ്പെടുത്തി DPR തയ്യാറാക്കാനുള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. |
| (ബി) | പ്രസ്തുത പദ്ധതിയുടെ ഓരോ ഘട്ടത്തിനും എത്ര തുകയാണ് അനുവദിച്ചതെന്നും പ്രസ്തുത ഫണ്ടിന്റെ വിനിയോഗവുമായി ബന്ധപ്പെട്ട് സ്വീകരിച്ചിട്ടുള്ള തുടർനടപടികളെക്കുറിച്ചും വിശദമാക്കാമോ; | (ബി) | 07/08/2023 ലെ 398/2023 നമ്പർ സർക്കാർ ഉത്തരവ് പ്രകാരം ഒന്നാം ഘട്ട പദ്ധതിക്ക് 10,19,05,104/- രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിൽ 2,65,80,315/- രൂപയുടെ പ്രവർത്തനങ്ങൾ നടന്നു വരുന്നു. |
| (സി) | മേൽ വിഷയത്തിൽ ഇൻഫ്രാസ്ട്രക്ചറൽ ഡവലപ്മെന്റ് കോർപറേഷൻ (കർണാടക) ലിമിറ്റഡ് (ഐഡെക്) എന്തൊക്കെ പ്രവർത്തനങ്ങൾ പൂർത്തിയാക്കിയിട്ടുണ്ടെന്ന് വിശദമാക്കാമോ; | (സി) | ഇൻഫ്രാസ്ട്രക്ചറൽ ഡവലപ്മെന്റ് കോർപറേഷൻ (കർണാടക) ലിമിറ്റഡ് (ഐഡെക്) മുഖേന കൊല്ലം ബയോ ഡൈവേഴ്സിറ്റി ഫേസ് 1 & ഫേസ് 2 ന്റെ DPR തയ്യാറാക്കി വരുന്നു. |
| (ഡി) | തെന്മല ഇക്കോടൂറിസം പദ്ധതിയ്ക്കായി 2024 മുതൽ സംസ്ഥാന ബജറ്റുകളിൽ ആകെ എത്ര രൂപ വകയിരുത്തിയിട്ടുണ്ടെന്നതുൾപ്പെടെ വകയിരുത്തിയ തുകയുടെ ഉപയോഗസ്ഥിതി, നടപ്പിലാക്കിയ ഘടകങ്ങൾ, ശേഷിക്കുന്ന പ്രവർത്തനങ്ങൾ എന്നിവയുടെ വിശദമായ റിപ്പോർട്ട് ലഭ്യമാക്കാമോ? | (ഡി) | 2024-25 സാമ്പത്തിക വർഷത്തിൽ 'അപ്പ് ഗ്രഡേഷൻ തെന്മല' എന്ന പദ്ധതിക്കായി ഏഴ് ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകുകയും പദ്ധതി പൂർത്തീകരിക്കുകയും ചെയ്തു.<br><br>2025-26 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ തെന്മല ഇക്കോ ടൂറിസത്തിന്റെ വികസനത്തിനായി താഴെ പറയുന്ന പദ്ധതികളാണ് അനുവദിച്ചിട്ടുള്ളത്.<br><br>1. Thenmala Eco Tourism Punalur–Rosemala Tourism Project<br>2. Eco Fest –Thenmala<br><br>ഈ പദ്ധതികളുടെ DPR TEPS തയ്യാറാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ